# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.342

## 23-08-2017 ൽ മറുപടിക്ക്

## സമ്പദ് വ്യവസ്ഥയെ മാന്ദ്യത്തിൽ നിന്നും കരകയറ്റാൻ പാക്കേജ്

| ചോദ്യം<br>ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ. എം. സ്വരാജ്<br>ശ്രീ. ബി.സത്യൻ<br>ശ്രീ. മുരളി പെരുനെല്ലി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ സമ്പദ് വ്യവസ്ഥയെ മാന്ദ്യത്തിൽ നിന്നും കരകയറ്റാനായി, കിഫ്ബി മുഖേന നിശ്ചല സമ്പാദ്യമായ പ്രവാസി നിക്ഷേപം ആകർഷിക്കുന്നതിൽ എത്രമാത്രം വിജയിച്ചിട്ടുണ്ട്; സമ്പാദ്യം ആകർഷകമാക്കാനായി കിഫ്ബിയുടെ സ്കീമുകൾ എന്തെല്ലാമാണ്; | സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ടു കൊണ്ടാണ് 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ 2 ാം മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി പ്രത്യേക നിക്ഷേപ പദ്ധതി സർക്കാർ പ്രഖ്യാപിച്ചത്. ഇതിലൂടെയുള്ള വികസന പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിന് 1999 ൽ സ്ഥാപിതമായ കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിനെ (കിഫ്ബി) ശാക്തീകരിക്കാൻ തീരുമാനിക്കുകയും 2016 ലെ കിഫ് (ഭേദഗതി) ആക്ട് പ്രകാരം അത് നടപ്പിൽ വരുത്തുകയും ചെയ്തു. സെബിയും ആർ.ബി.ഐ യും അംഗീകരിച്ചിട്ടുള്ള കടമെടുക്കൽ സംവിധാനത്തിന് കിഫ്ബി ഇന്ന് പ്രാപ്തമാണ്.<br>2017-18 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രവാസി നിക്ഷേപം ഉപയോഗപ്പെടുത്തുവാൻ കിഫ്ബിയുമായി സഹകരിച്ച് കെ.എസ്.എഫ്.ഇ - എൻ.ആർ.ഐ ഓൺലൈൻ ചിട്ടി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചു. ഈ ചിട്ടി പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 2 ലക്ഷം മുതൽ 25 ലക്ഷം വരെ സലയുള്ള ചിട്ടികൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത ചിട്ടിയിൽ നിന്നുള്ള വരുമാനം ബോണ്ടുകളായി സ്വീകരിച്ച് |

| | |
|---|---|
| | സംസ്ഥാനത്തിന്റെ തീരദേശ-മലയോര ഹൈവേ പദ്ധതി ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനം സർക്കാർ ലക്ഷ്യമിടുന്നു. ഇതിനുള്ള സോഫ്റ്റ് വെയർ സംവിധാനം പൂർത്തിയായി വരുന്നു. കെ.എസ്.എഫ്.ഇ എൻ.ആർ.ഐ ഓൺലൈൻ ചിട്ടിയിൽ ചേരുന്നവർക്ക് ഇൻഷുറൻസ് പരിരക്ഷ, പെൻഷൻ ആനുകൂല്യം തുടങ്ങിയ ആകർഷകമായ സ്കീമുകൾ ഉൾപ്പെടുത്തുവാനും ഉദ്ദേശിച്ചിട്ടുണ്ട്. പരമ്പരാഗത ചിട്ടി/സമ്പാദ്യ പദ്ധതികളിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു അനുഭവമായിരിക്കും കെ.എസ്.എഫ്.ഇ എൻ.ആർ.ഐ ഓൺലൈൻ ചിട്ടി. പ്രവാസികളായ മലയാളികൾക്ക് ഒരു സമ്പദ് സുരക്ഷിതത്വം ഈ ചിട്ടി നൽകും എന്നത് തീർച്ചയാണ്. ഇപ്രകാരം സുരക്ഷിത സമ്പാദ്യത്തോടൊപ്പം നാടിന്റെ സുപ്രധാന വികസന പ്രോജക്ടുകളിൽ പങ്കാളിയാകുവാൻ ഓരോ വിദേശ മലയാളികൾക്കും കെ.എസ്.എഫ്.ഇ എൻ.ആർ.ഐ ഓൺലൈൻ ചിട്ടിയിലൂടെ സാധ്യമാകുന്നു. |
| (ബി) കിഫ്ബി വഴിയല്ലാതെ ഇത്തരത്തിലുള്ള നിശ്ചല സമ്പാദ്യം നേരിട്ടുള്ള സ്വകാര്യ നിക്ഷേപമാക്കി മാറ്റുന്നതിനുള്ള സാധ്യതകൾ പരിപോഷിപ്പിക്കാനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നയപരവും ഭരണപരവുമായ ഇടപെടലുകൾ എന്തെല്ലാമാണ്; | സംസ്ഥാനത്തിന് താരതമ്യേന മത്സരക്ഷമതയുള്ള പുതുവളർച്ചാ മേഖലകളിലെ നിക്ഷേപം ആകർഷകമാക്കുന്നതിനുള്ള അടിസ്ഥാന ഇടപെടലുകൾക്കാണ് ഈ സർക്കാർ തുടക്കം കുറിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിന് ഗണ്യമായ പൊതു മുതൽമുടക്ക് നടത്തി അതുവഴി പുതുവളർച്ചാ മേഖലകളിൽ നിക്ഷേപം ആകർഷിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി വ്യവസായ, കാർഷിക വികസന പാർക്കുകളിൽ അടിസ്ഥാന സൗകര്യമൊരുക്കി പ്രവാസി നിക്ഷേപമടക്കം ആകർഷിക്കുവാനുതകുന്ന പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.<br><br>പ്രവാസി കേരളീയരുടെ സമ്പാദ്യം പ്രയോജനപ്രദമായ രീതിയിൽ തിരിച്ചുവിടുന്നതിനും സംസ്ഥാനത്ത് പ്രവാസി |

| | |
|---|---|
| | കേരളീയരുടെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ എന്ന പദ്ധതിക്ക് സർക്കാർ ആരംഭം കുറിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വ്യവസായ പാർക്കുകളിലും മറ്റ് നിക്ഷേപ സംരംഭങ്ങളിലും പ്രവാസികൾക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്. അടിസ്ഥാന സൗകര്യ വികസനം, ഉല്പാദനം, ഗതാഗതം എന്നീ മേഖലകളിൽ സാങ്കേതിക വിദ്യയുടെ നവീകരണം, പുതിയ തൊഴിൽ സൃഷ്ടി എന്നിവ സാധ്യമാക്കുന്ന ലോകോത്തര നിലവാരമുള്ള വൻ പദ്ധതികൾ നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് നടപ്പിലാക്കുന്ന ഇത്തരം പദ്ധതികളിൽ പ്രവാസികളുടെ പങ്കാളിത്തം ഉറപ്പാക്കി മുന്നോട്ട് പോകുവാനാണ് നിലവിലെ സർക്കാരിന്റെ ലക്ഷ്യം. |
| (സി) സർക്കാരിന്റെ പണലഭ്യത (ലിക്വിഡിറ്റി മാനേജ്മെന്റ്) മെച്ചപ്പെടുത്താൻ ഉപകരിക്കുന്ന ട്രഷറികളുടെ ആധുനികവൽക്കരണം ത്വരിതപ്പെടുത്താനായി സ്വീകരിച്ചിട്ടുളള നടപടികൾ അറിയിക്കാമോ? | സർക്കാരിന്റെ പണലഭ്യത മെച്ചപ്പെടുത്തുന്നതിനായി ട്രഷറികളിൽ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മിക്ക ധനകാര്യ സ്ഥാപനങ്ങളും നൽകുന്നതിനേക്കാൾ ഉയർന്ന പലിശ നിരക്കിൽ ട്രഷറികൾ സ്ഥിര നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതാണ് അതിലൊന്ന്. സീനിയർ സിറ്റിസൺ പ്രായപരിധി 60 വയസ്സ് എന്നത് സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായമായ 56 വയസ്സാക്കി നിജപ്പെടുത്തിയതിലൂടെ സീനിയർ സിറ്റിസൺ ആയ നിക്ഷേപകർക്ക് ലഭിക്കുന്ന അര ശതമാനം അധിക പലിശ നൽകി റിട്ടയർമെന്റ് ആനുകൂല്യങ്ങൾ സ്ഥിര നിക്ഷേപമായി ട്രഷറിയിൽത്തന്നെ സ്വീകരിക്കുന്നു. ട്രഷറികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി നടപ്പിലാക്കുന്നതിനും ട്രഷറികളുടെ പ്രവർത്തനങ്ങൾ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ പരിഷ്കരിക്കുന്നതിനുള്ള സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനവും (Integrated Financial |

| | |
|---|---|
| | Management System) ട്രഷറികളുടെ ആധുനികവൽക്കരണം ത്വരിതപ്പെടുത്താനായി സ്വീകരിച്ചിട്ടുള്ള നടപടികളാണ്. 2017-18 ലെ ബഡ്ജറ്റ് പ്രഖ്യാപനപ്രകാരം 21 കോടി രൂപ ട്രഷറികളുടെ നവീകരണത്തിനായി വകയിരുത്തിയിട്ടുണ്ട്. ശമ്പളവും പെൻഷനും ട്രഷറി അക്കൗണ്ട് വഴി വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ട്രഷറി ഇടപാടുകാരുടെ സൗകര്യാർത്ഥം കോർബാങ്കിങ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മൊബൈൽ ബാങ്കിങ് ഉൾപ്പെടെയുള്ള ഓൺലൈൻ സേവനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിയും പുരോഗമിക്കുന്നുവെന്നാണ് ലഭ്യമായ വിവരം. ട്രഷറികളെ നിക്ഷേപസൗഹൃദമാക്കുന്നതിന് ഐ.എഫ്.എം.എസിന്റെ ഭാഗമായി കൂടുതൽ പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതാണ്. |

**സെക്ഷൻ ഓഫീസർ**